(ഡി) പദ്ധതിയിനത്തിൽ മൃഗസംരക്ഷണ വകുപ്പുവഴി കഴിഞ്ഞ മൂന്നു വർഷങ്ങളിൽ വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ വിശദാംശം താഴെപ്പറയുന്ന പ്രകാരമാണ് :

	സംസ്ഥാന പദ്ധതി	കേന്ദ്ര സഹായത്തോടുകൂടിയുള്ള മറ്റ് പദ്ധതികൾ
2007-08	26,63,222 രൂപ	80,61,385 രൂപ
2008-09	94,94,276 രൂപ	1,93,91,824 രൂപ
2009-10	2,89,80,375 രൂപ	5,38,07,747 രൂപ

പ്രാദേശിക ക്ഷീര സഹകരണ സംഘങ്ങൾ

97 (5775) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാദേശിക ക്ഷീരസഹകരണ സംഘങ്ങൾ വഴി ക്ഷീരകർഷകർക്ക് സർക്കാർ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ ;

(ബി) കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിൽ പ്രവർത്തനക്ഷമമല്ലാത്ത എത്ര ക്ഷീരസംഘങ്ങൾ നിലവിൽ ഉണ്ടെന്ന് പേര് സഹിതം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രാദേശിക ക്ഷീരസഹകരണ സംഘങ്ങൾ വഴി ക്ഷീരകർഷകർക്ക് തീറ്റപ്പുൽ കൃഷി വികസന പദ്ധതി, മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതി, കാലിത്തീറ്റ സബ്സിഡി, രാഷ്ട്രീയ കൃഷി വികാസ് യോജന, കേരള ക്ഷീരകർഷക ക്ഷേമനിധി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) വടകര താലൂക്കിലെ തൂണേരി, കുന്നുമ്മൽ, തോടന്നൂർ എന്നീ ബ്ലോക്കുകളിലെ പ്രവർത്തനക്ഷമമല്ലാത്ത 18 (പതിനെട്ട്) ക്ഷീരസംഘങ്ങൾ നിലവിലുണ്ട്.

തൂണേരി ബ്ലോക്ക്

1. അരൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം
2. മഞ്ചാന്തറ ക്ഷീരോൽപ്പാദക സഹകരണ സംഘം
3. വെള്ളൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം
4. പുറമേരി ക്ഷീരോൽപ്പാദക സഹകരണ സംഘം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കുന്നുമ്മൽ ബ്ലോക്ക്

1. ചങ്ങരംകുളം ക്ഷീരോൽപ്പാദക സഹകരണ സംഘം
2. ഊരത്ത് ക്ഷീരോൽപ്പാദക സഹകരണ സംഘം
3. നിടുമണ്ണൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം
4. തളീക്കര ക്ഷീരോൽപ്പാദക സഹകരണ സംഘം
5. പുക്കാട് ക്ഷീരോൽപ്പാദക സഹകരണ സംഘം
6. കുറ്റ്യാടി ക്ഷീരോൽപ്പാദക സഹകരണ സംഘം
7. നടുപ്പൊയിൽ ക്ഷീരോൽപ്പാദക സഹകരണ സംഘം
8. മുള്ളമ്പത്ത് ക്ഷീരോൽപ്പാദക സഹകരണ സംഘം
9. കക്കട്ടിൽ ക്ഷീരോൽപ്പാദക സഹകരണ സംഘം
10. നരിപ്പറ്റ ക്ഷീരോൽപ്പാദക സഹകരണ സംഘം
11. മുണ്ടക്കുറ്റി ക്ഷീരോൽപ്പാദക സഹകരണ സംഘം

തോടന്നൂർ ബ്ലോക്ക്

1. തിരുമന ക്ഷീരോൽപ്പാദക സഹകരണ സംഘം
2. പൊൻമേരി ക്ഷീരോൽപ്പാദക സഹകരണ സംഘം
3. ലോകനാർകാവ് ക്ഷീരോൽപ്പാദക സഹകരണ സംഘം

അന്യസംസ്ഥാന കവർപാൽ നിയന്ത്രിക്കുവാൻ നടപടി

98 (5776) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിൽമ പാലിനു വിലകൂട്ടിയ സാഹചര്യത്തിൽ അന്യസംസ്ഥാന കവർ പാലുകൾ വിപണി കയ്യടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അന്യസംസ്ഥാന പാലുകൾക്കൊപ്പം ചെക്ക് പോസ്റ്റുകളിലൂടെ അനധികൃതമായി കടത്തുന്ന അംഗീകാരമില്ലാത്ത പാലും സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ മിൽമയെ രക്ഷിക്കുന്നതിനും അന്യസംസ്ഥാനങ്ങളിലെ പാൽ നിയന്ത്രിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ ;

(ഡി) അംഗീകാരമില്ലാത്ത കവർ പാൽ ചെക്ക് പോസ്റ്റുകളിലൂടെ കടത്തി സംസ്ഥാനത്ത് വിതരണം ചെയ്യുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly